2024
AUGUST
05
MONDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

www.societytodaynews.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ബംഗ്ലാദേശിൽ കലാപം 72 പേർ കൊല്ലപ്പെട്ടു; ഇന്ത്യക്കാർക്ക് ജാഗ്രതാ നിർദേശം നൽകി കേന്ദ്രം

**ന്യൂഡൽഹി:** ബംഗ്ലാദേശിൽ സംഘർഷം വ്യാപിക്കുന്ന സാഹചര്യത്തിൽ ഇന്ത്യൻ പൗരൻമാർക്ക് ജാഗ്രതാ നിർദേശം നൽകി കേന്ദ്രസർക്കാർ. ഭരണകക്ഷിയായ അവാമി ലീഗിന്റെ പ്രവർത്തകരും പ്രതിഷേധക്കാരും തമ്മിലുള്ള സംഘർഷത്തിൽ 72 പേർ കൊല്ലപ്പെട്ടു. സർക്കാർ ജോലിയിലെ സംവരണ വിഷയത്തിൽ തുടങ്ങിയ പ്രക്ഷോഭം സർക്കാരിനെതിരായ സമരമായി മാറുകയായിരുന്നു. പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജിവയ്ക്കണമെന്ന് പ്രക്ഷോഭകാരികൾ ആവശ്യപ്പെട്ടു. സംവരണ വിഷയത്തിൽ ദിവസങ്ങൾക്ക് മുൻപ് നടന്ന സംഘർഷങ്ങളിൽ ഇരുന്നൂറിലധികം പേർ കൊല്ലപ്പെട്ടിരുന്നു. ഇതു കെട്ടടങ്ങിയതിനു പിന്നാലെയാണ് പ്രക്ഷോഭം ആരംഭിച്ചത്.

ഞായറാഴ്ച രാവിലെയാണ് സംഘർഷം തുടങ്ങിയത്. വൈകിട്ട് 6 മണി മുതൽ രാജ്യത്തൊട്ടാകെ കർഫ്യൂ പ്രഖ്യാപിച്ചു. പ്രക്ഷോഭകാരികൾ വിദ്യാർഥികളല്ലെന്നും തീവ്രവാദികളാണെന്നും പ്രധാനമന്ത്രി ഷെയ്ഖ് ഹസീന പറഞ്ഞു. സ്ഥിതിഗതികൾ വിലയിരുത്താൻ പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതതലയോഗം ചേർന്നു. രംഗ്പുരിൽ നാല് അവാമി ലീഗ് പ്രവർത്തകർ കൊല്ലപ്പെട്ടു. സർക്കാർ രാജിവയ്ക്കണം എന്നാവശ്യപ്പെട്ട് പ്രക്ഷോഭകാരികൾ ദേശീയപാതകൾ ഉപരോധിച്ചതോടെ ഗതാഗതം പലയിടത്തും സ്തംഭിച്ചു. ഇന്റർനെറ്റിന് നിയന്ത്രണം ഏർപ്പെടുത്തി.

1971ൽ ബംഗ്ലദേശിനെ പാക്കിസ്ഥാനിൽനിന്നു സ്വതന്ത്രമാക്കിയ വിമോചനയുദ്ധത്തിൽ പങ്കെടുത്ത സ്വാതന്ത്ര്യ സമരസേനാനികളുടെ മക്കൾക്കും കൊച്ചുമക്കൾക്കും ഉൾ



പ്പെടെ രാജ്യത്തെ ഉന്നത സർക്കാർ ജോലികളിൽ സംവരണം നൽകുന്നതിനെതിരെയാണു ബംഗ്ലദേശിൽ പ്രക്ഷോഭം ആരംഭിച്ചത്. സ്വാതന്ത്ര്യ സമരസേനാനികളുടെ പിന്തുടർച്ചക്കാർക്കു 30%, സ്ത്രീകൾക്ക് 10%, പിന്നാക്ക ജില്ലക്കാർക്ക് 10%, ഗോത്രവർഗക്കാർക്ക് 5%, ഭിന്നശേഷിക്കാർക്ക് 1% എന്നിങ്ങനെ സർക്കാർ ജോലികളിൽ 56% സംവരണം ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്നതാണു ബംഗ്ലദേശ് സംവരണ സംവിധാനം. 44% സർക്കാർ ജോലികൾ മാത്രം മെറിറ്റിന്റെ അടിസ്ഥാനത്തിൽ നികത്തപ്പെടും.

സംവരണം ചെയ്യപ്പെട്ട ജോലികളിലേക്ക് അതതു വിഭാഗത്തിലെ ആളുകൾ എത്തിയിട്ടില്ലെങ്കിൽ ആ ഒഴിവ് നികത്താതെ കിടക്കുമെന്നതും പ്രത്യേകതയാണ്. ഈ സംവിധാനം അനീതിയാണെന്നു ചൂണ്ടിക്കാട്ടി വർഷങ്ങളായി വിദ്യാർഥികളും യുവാക്കളും സമരത്തിലായിരുന്നു. 2018ൽ വിദ്യാർഥി പ്രക്ഷോഭത്തെത്തുടർന്നു ഷെയ്ഖ് ഹസീന ഗസറ്റഡ് പോസ്റ്റുകളിലേക്കുള്ള (റാങ്ക് 1, 2) സംവരണം പൂർണമായി അവസാനിപ്പിക്കുകയും സർക്കാർ തലത്തിലെ മുഴുവൻ നിയമനങ്ങളും മെറിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നും ഉത്തരവിട്ടു. എന്നാൽ, സർക്കാർ നടപടി ചോദ്യം ചെയ്തു സംവരണം തുടരണമെന്നാവശ്യപ്പെട്ട് ഏഴു പേർ നൽകിയ റിട്ട് ഹർജിയിൽ, സംവരണം തുടരാൻ ബംഗ്ലദേശ് ഹൈക്കോടതി ജൂൺ 5നു വിധി പ്രഖ്യാപിച്ചു. തുടർന്നാണു വീണ്ടും സംവരണവിരുദ്ധ പ്രതിഷേധം ആരംഭിച്ചത്. സംവരണം സുപ്രീം കോടതി റദ്ദാക്കി. പിന്നാലെ സർക്കാരിനെതിരെ പ്രക്ഷോഭം ആരംഭിക്കുകയായിരുന്നു.



## ഇറാന്റെ തിരിച്ചടി ഉടനെന്ന് റിപ്പോർട്ട്, ആക്രമണം കടുപ്പിച്ച് ഹിസ്ബുല്ല; പൗരന്മാർ ലബനൻ വിടണമെന്ന് യുഎസ്

**ബെയ്റൂട്ട്:** ഇറാൻ,ഇസ്രയേൽ സംഘർഷം യുദ്ധത്തിലെത്താനുള്ള സാധ്യതകൾ നിലനിൽക്കുന്നതിനാൽ പൗരൻമാരോട് ലബനൻ വിടാൻ യുഎസ് അടക്കമുള്ള രാജ്യങ്ങൾ മുന്നറിയിപ്പ് നൽകി. ലഭ്യമായ യാത്രാമാർഗങ്ങൾ ഉപയോഗപ്പെടുത്തി എത്രയും വേഗം ലബനനിൽനിന്ന് മാറാനാണ് നിർദേശം. ഹമാസ് ഭീകരൻ ഇസ്മായിൽ ഹനിയ ടെഹ്റാനിൽ കൊല്ലപ്പെട്ടതിനെ തുടർന്നാണ് ഇരു രാജ്യങ്ങളും തമ്മിൽ സംഘർഷ സാഹചര്യം ഉണ്ടായത്. ആക്രമണം നടത്തിയത് ഇസ്രയേലാണെന്നു ഹമാസും ഇറാനും ആരോപിക്കുന്നു. വധത്തിനു പ്രതികാരം ചെയ്യുമെന്ന് ആയത്തുല്ല ഖമനയി പ്രഖ്യാപിച്ചിട്ടുണ്ട്. ഇറാൻ ഉടൻ ആക്രമണം നടത്തുമെന്നാണ് പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

ഇറാൻ പ്രസിഡന്റ് മസൂദ് പെഷസ്കിയാന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു മണിക്കൂറുകൾക്കകമാണ് ഇസ്മായിൽ ഹനിയ ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ടത്. ഹമാസ് സൈനിക മേധാവി മുഹമ്മദ് ദായിഫിനെയും വധിച്ചെന്ന് ഇസ്രയേൽ അവകാശപ്പെട്ടിരുന്നു. ഇറാൻ പിന്തുണയ്ക്കുന്ന ലബനനിലെ ഹിസ്ബുല്ല സംഘടന തിരിച്ചടിക്കുമെന്നാണ് യുഎസ് അടക്കമുള്ള രാജ്യങ്ങൾ വിലയിരുത്തുന്നത്. ഹിസ്ബുല്ലയുടെ ആക്രമണം ഉണ്ടായാൽ ഇസ്രയേൽ കനത്ത രീതിയിൽ തിരിച്ചടിക്കുമെന്നും വിലയിരുത്തലുണ്ട്.

സംഘർഷം ലഘൂകരിക്കാനുള്ള ചർച്ചകൾ യുഎസിന്റെ നേതൃത്വത്തിൽ നടക്കുന്നു. യുഎസ്, യുകെ, സ്വീഡൻ, ഫ്രാൻസ്, കാനഡ, ജോർദൻ തുടങ്ങിയ രാജ്യങ്ങൾ തങ്ങളുടെ പൗരൻമാരോട് ലബനൻ വിടാൻ നിർദേശിച്ചു. ബെയ്റൂട്ടിൽനിന്നുള്ള നിരവധി വിമാനങ്ങൾ യാത്ര റദ്ദാക്കി. ഹിസ്ബുല്ല വടക്കൻ ഇസ്രയേലിൽ നിരവധി റോക്കറ്റ് ആക്രമണങ്ങൾ ഇന്നു പുലർച്ചെ നടത്തി. പെന്റഗൺ കൂടുതൽ യുദ്ധക്കപ്പലുകളും വിമാനങ്ങളും പ്രദേശത്ത് വിന്യസിച്ചു. യുകെയും കൂടുതൽ സൈനികരെ പ്രദേശത്ത് വിന്യസിച്ചു.

## യുഎസ് തൊഴിൽമേഖലയിൽ മരവിപ്പ്, ഏഷ്യൻ വിപണിയിലും പ്രകമ്പനം

**കൊച്ചി:** റെക്കോർഡ് പ്രകടനങ്ങൾക്ക് ശേഷം ഇന്ത്യൻ ഓഹരി വിപണി അൽപ്പം തളർന്നു. എട്ട് ആഴ്ച നീണ്ട ബുൾ റാലിയിൽ വാരിക്കൂട്ടിയ ലാഭം കൈപ്പിടിയിൽ ഒതുക്കാനുള്ള നീക്കങ്ങൾ വരുംദിനങ്ങളിലും അവർ തുടരാം. ബോംബെ സൂചിക 350 പോയിൻറ്റും നിഫ്റ്റി 117 പോയിൻറും പ്രതിവാരനഷ്ടത്തിലാണ്. ഇന്ത്യൻ വിപണി അതിശക്തമായ നിലയിൽ സഞ്ചരിക്കുന്നതിനിടയിലാണ് യുഎസ്, യൂറോപ്യൻ വിപണികളിൽ നിന്നുള്ള പ്രതികൂലവാർത്തകൾ വാരാന്ത്യം പുറത്തുവന്നത്. യുഎസ് തൊഴിൽ മേഖലയിലെ മരവിപ്പ് അമേരിക്കൻ മാർക്കറ്റിൽ മാത്രമല്ല, യൂറോപ്യൻ വിപണികളെയും പിടിച്ചുലച്ചതിൻറെ ആഘാതം ഏഷ്യൻ മാർക്കറ്റുകളെയും പ്രകമ്പനംകൊള്ളിച്ചു. ഇതിൻറ പ്രതിഫലനം പ്രമുഖ വിപണികളെ സമ്മർദ്ദത്തിലാക്കാൻ ഇടയുണ്ട്.

ബോംബെ സൂചിക റെക്കോർഡ് പ്രകടനം കാഴ്ച്ചവെച്ചു. മുൻവാരത്തിലെ 81,332 നിന്നും റെക്കോർഡ് തിരുത്തിയാണ് ഇടപാടുകൾ തുടങ്ങിയത്. ഒരുവേള വിപണി 80,924 പോയിൻറിലേയ്ക്ക് ഇടിഞ്ഞെങ്കിലും പിന്നീട് 82,129 ലേയ്ക്ക് തിരിച്ചുവരവ് നടത്തി. മാർക്കറ്റ് ക്ലോസിങ്ങിൽ സൂചിക 80,981പോയിൻറിലാണ്. വിപണിക്ക് ഈ വാരം 81,784 82,587 റേഞ്ചിൽ തടസം നേരിടാം. ലാഭമെടുപ്പ് വിൽപ്പന സമ്മർദ്ദമായാൽ 80,523 80,065 ൽ താങ്ങ് പ്രതീക്ഷിക്കാം.

ദേശീയ ഓഹരി സൂചികയായ നിഫ്റ്റി 24,834 ൽ നിന്നുംവാരത്തിൻറെ ആദ്യപകുതിയിൽ 25,000 പോയിൻറ് കൈപ്പിടിയിൽ ഒതുക്കാൻ ശ്രമംനടത്തി. എന്നാൽ ഇതിനിടയിൽ വിദേശഫണ്ടുകൾ വിൽപ്പനക്കാരായി മാറിയതിനാൽ സൂചികയ്ക്ക് 24,999 വരെയെ ഉയരാനായുള്ളു. ഈ അവസരത്തിലെ വിൽപ്പന തരംഗത്തിൽ നിഫ്റ്റി24,777 ലേയ്ക്ക് ഇടിഞ്ഞെങ്കിലും തുടർന്നുള്ള ദിവസങ്ങളിൽ പ്രദേശിക ഇടപാടുകാരും ആഭ്യന്തര മ്യൂച്ചൽ ഫണ്ടുകളുംനിക്ഷേപത്തിന് കാണിച്ച ഉത്സാഹം 25,000 പോയിൻറും കടത്തി25,078 വരെ എത്തിച്ചു.

എന്നാൽ കഴിഞ്ഞ ലക്കം വ്യക്തമാക്കിയ 25,082 ലെ പ്രതിരോധത്തിന് നാല് പോയിൻറ്റ് അകലെനിഫ്റ്റിയുടെകരുത്ത് ചോർന്നു. വാരാന്ത്യംവിപണിവിൽപ്പനക്കാരുടെനിയന്ത്രണത്തിലായിരുന്നു. മാർക്കറ്റ് ക്ലോസിങ് സൂചിക24,717 ലാണ്. ഈവാരം 24,576 പോയിൻറിലെ താങ്ങ് നിലനിർത്താനായാൽ അടുത്തകുതിപ്പിൽ നിഫ്റ്റി24,968 25,219 ലേയ്ക്ക്ചുവടുവെക്കാം.

അഡ്മിഷൻ തുടരുന്നു...



2024–2025

Integrated MBA MCA (5 years)
Qualification: Plus Two

OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation

KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY



കർക്കിടക വാവിനോടനുബന്ധിച്ച് കലൂർ പാവക്കുളം ശ്രീ  മഹാദേവ ക്ഷേത്രത്തിൽ ആചാര്യൻ ശശികുമാര പണിക്കരുടെ  കാർമികത്വത്തിൽ നടന്ന ബലി തർപ്പണ ചടങ്ങുകൾ.

# കെസിബിസി സമ്മേളനത്തിന് ഇന്ന് തുടക്കം

**കൊച്ചി:** കേരള കത്തോലിക്കാമെത്രാൻസമിതി ദൈവശാസ്ത്ര കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഏകദിന ദൈവശാസ്ത്ര സമ്മേളനത്തിന് ഇന്ന് മൗണ്ട് സെന്റ് തോമസിൽ തുടക്കമാകും. കേരളത്തിലെ വൈദിക രൂപീകരണ പരിപാടിയുടെ നവീകരണം  വെല്ലുവിളികളും വാഗ്ദാനങ്ങളും ഉപായങ്ങളും എന്ന വിഷയത്തെ സംബന്ധിച്ച് തൃശ്ശൂർ മേരി മാതാ സെമിനാരി അധ്യാപകരായ റവ. ഡോ.  സൈജോ തൈക്കാട്ടിലും, റവ. ഡോ. സജി കണയങ്കൽ സി.എസ്.റ്റി.യും പ്രബന്ധം അവതരിപ്പിക്കും. കെസിബിസി പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ  വൈസ് പ്രസിഡന്റ് ബിഷപ് മാർ പോളി കണ്ണൂക്കാടൻ അധ്യക്ഷ വഹിക്കും. സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ സംസാരിക്കും. ദൈവശാസ്ത്ര കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ടോണി നീലങ്കാവിൽ, ബിഷപ് മാർ തോമസ് തറയിൽ, ജോസഫ് ജൂഡ്, ഡോ. സിസ്റ്റർ ആർദ്ര എന്നിവർ പഠനവിഷയത്തെ ആസ്പദമാക്കി സംസാരിക്കും.കത്തോലിക്കാസഭയിലെ മെത്രാന്മാരും തിരഞ്ഞെടുക്കപ്പെട്ട ദൈവശാസ്ത്രപണ്ഡിതരും മേജർ സെമിനാരികളിലെ റെക്ടർമാരും ദൈവശാസ്ത്ര പ്രഫസർമാരും കെസിബിസിയുടെ വിവിധ കമ്മീഷൻ സെക്രട്ടറിമാരും ഏകദിന ദൈവശാസ്ത്രസമ്മേളനത്തിൽ സംബന്ധിക്കും. വയനാട് ജില്ലയിലെ മേപ്പാടി മേഖലയിൽ ചൂരൽമലയിലും മുണ്ടക്കൈയിലും, കോഴിക്കോട് ജില്ലയിലെ വിലങ്ങാടും മറ്റും പ്രകൃതി ദുരന്തമുണ്ടായ ഇടങ്ങളിലെ പുനരധിവാസം ഉൾപ്പടെ അടിയന്തര പ്രാധാന്യം അർഹിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യും. തുടർന്ന് ആഗസ്റ്റ് 9 വരെ മെത്രാന്മാരുടെ വാർഷിക ധ്യാനം നടക്കും. കോട്ടയം സെന്റ് ജോസഫ്സ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. ഡോ. മാത്യു കക്കാട്ടുപള്ളിലാണ് ആണ് ധ്യാനം നയിക്കുന്നത്.

LIC
भारतीय जीवन बीमा निगम
LIFE INSURANCE CORPORATION OF INDIA

## ദുരിത ബാധിതരുടെ ക്ലെയിം സെറ്റിൽമെന്റുകൾ ഉടനടി തീർപ്പാക്കും: എൽ ഐ സി

**വയനാട് :** വയനാട്ടിലുണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇരയായവരുടെ കുടുംബങ്ങൾക്ക് ഇൻഷുറൻസ് തുക വേഗത്തിൽ ലഭ്യമാക്കുമെന്ന് എൽ ഐ സി അറിയിച്ചു.

പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമ യോജന ഉൾപ്പെടെയുള്ള ഇൻഷുറൻസുകൾ ഉടനടി തീർപ്പാക്കും. ഇതിനായി സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുന്നതിന് കോഴിക്കോട് ഡിവിഷനിൽ നോഡൽ ഓഫീസർമാരെ നാമനിർദ്ദേശം  ചെയ്തിട്ടുണ്ടെന്നും എൽ ഐ സിയുടെ എംഡിയും സിഇഒയുമായ സിദ്ധാർഥ മൊഹന്തി പറഞ്ഞു.

സമാനതകളില്ലാത്ത ദുരിതംപേറുന്ന വയനാട്ടിലെ സഹോദരങ്ങൾക്കൊപ്പമാണ് എൽ.ഐ.സിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു .

## കരളിനെ അറിയാം; പൊതുജനങ്ങൾക്ക് വിദഗ്ധ ഡോക്ടർമാരുമായി സംവദിക്കാം

**കൊച്ചി:** കരൾരോഗങ്ങളെ കുറിച്ച് അവബോധമുണ്ടാക്കുന്നതിനായി ഇന്ത്യൻ നാഷണൽ അസോസിയേഷൻ ഫോർ ദി സ്റ്റഡി ഓഫ് ദി ലിവർ (ഐ.എൻ.എ.എസ്.എൽ) പൊതുജനങ്ങൾക്കായി സൗജന്യമായി സംഘടിപ്പിക്കുന്ന കൺവെൻഷൻ  ഈ മാസം ഏഴിന് കൊച്ചിയിൽ നടക്കും. രാവിലെ 9:30 മുതൽ 12:30 വരെ ലെ മെരിഡിയനിലെ സി.എസ്.എം ഹാളിലാണ് പരിപാടി. രാവിലെ 8:30 മുതൽ രജിസ്ട്രേഷനുള്ള സൗകര്യം വേദിക്കരികിൽ സജ്ജമായിരിക്കും. കരൾരോഗ ചികിത്സാവിദഗ്ധരുമായി സംസാരിക്കാനും സംശയങ്ങൾ ചോദിക്കാനും സാധാരണക്കാർക്കും അവസരമുണ്ടാകും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് 8111998185 എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

INDIAN NATIONAL ASSOCIATION FOR STUDY OF THE LIVER
INASL

കരളിന്റെ ആരോഗ്യത്തെകുറിച്ചുള്ള ആധികാരിക വിവരങ്ങൾ മനസ്സിലാക്കാനും തെറ്റിദ്ധാരണകൾ തിരിച്ചറിയാനും കൺവെൻഷൻ സഹായിക്കും. മദ്യപാനം മൂലമുണ്ടാകുന്ന കരൾരോഗങ്ങൾ, ഫാറ്റി ലിവർ, കരളിന്റെ ആരോഗ്യത്തിനാവശ്യമായ ജീവിതശൈലി, ലിവർ ഡീറ്റോക്സ് എന്നീ സുപ്രധാന വിഷയങ്ങൾ ചർച്ചയാകും. സൗജന്യമായി പങ്കെടുക്കാവുന്ന ഈ കൺവെൻഷനിൽ ഇതുവരെ ഇരുന്നൂറോളം പേർ രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

ഇന്ത്യൻ സൊസൈറ്റി ഓഫ് ഗ്യാസ്ട്രോഎന്ററോളജി കേരള ചാപ്റ്റർ, കൊച്ചിൻ ഗട്ട് ക്ലബ്, കൊച്ചിൻ ലിവർ ക്ലബ്, കൊച്ചി ലിവർ ട്രാൻസ്പ്ലാന്റേഷൻ സൊസൈറ്റി എന്നിവർ സംയുക്തമായാണ് കൺവെൻഷൻ സംഘടിപ്പിക്കുന്നത്. ഓഗസ്റ്റ് 7 ന് തുടങ്ങുന്ന ഐ.എൻ.എ.എസ്.എൽ ശാസ്ത്രസമ്മേളനം പത്താം തീയതി വരെ ലെ മെരിഡിയനിൽ തുടരും.




# അതിജീവനത്തിന് അനുയോജ്യം പ്രകൃതിയോടിണങ്ങുന്ന ജീവിതം: ഡോ. ടി വി സജീവ്

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർ ഇൻസൈറ്റിൽ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ചീഫ് സയിന്റിസ്റ്റ് ഡോ. ടി വി സജീവ് പ്രഭാഷണം നടത്തി. പ്രകൃതിയിൽ നിന്നും മാനേജർമാർക്ക് പഠിക്കാനുള്ള പാഠങ്ങൾ എന്ന വിഷയത്തിലായിരുന്നു പ്രഭാഷണം.മനുഷ്യരുടെ പ്രവർത്തികൾ പലപ്പോഴും പ്രകൃതിയെ നശിപ്പിക്കുന്ന തലത്തിലുള്ളതാണ്. രാവിലെ എഴുന്നേറ്റാൽ ആദ്യം ചെയ്യുന്ന മുറ്റമടിക്കലിൽ തുടങ്ങുന്നു പ്രകൃതി വിരുദ്ധ പ്രവർത്തനങ്ങൾ.

നാട്ടിലെ ചെടികളിൽ നിറവും മണവുമുള്ള പൂക്കൾ മാത്രമുണ്ടാവുകയും പലതും കായക്കു വേണ്ടിയുള്ളതുമല്ലാതാകുമ്പോൾ കാട്ടിൽ പൂക്കളുള്ള ഒരു ചെടി പോലും കായകളുണ്ടാവാതിരിക്കുന്നില്ല. നാട്ടിലെ ചെടികളുടെ ദൗത്യം മനുഷ്യരെ സന്തോഷിപ്പിക്കുക എന്നത് മാത്രമാണ്. എന്നാൽ കാട്ടിലെ ചെടികളുടെ ദൗത്യം അതല്ലെന്നും ഡോ. ടി വി സജീവ് പറഞ്ഞു.പ്രകൃതിയിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളുമ്പോൾ ഓരോരുത്തരും നായയാണോ പൂച്ചയാണോ എന്ന് തിരിച്ചറിയണം. യജമാനനെ മുഴുവൻ സമയവും സ്നേഹിക്കുന്ന പ്രകൃതമാണ് നായയുടേത്. എന്നാൽ പൂച്ചയുടേതാകട്ടെ തന്റെ യജമാനനോടല്ല തന്റെ ഇടത്തോടാണ് സ്നേഹവമുണ്ടാവുക. ഇതിലേത് സ്വീകരിക്കണമെന്നാണ് തീരുമാനിക്കേണ്ടത്.മനുഷ്യശരീരം ഉൾപ്പെടെ ഏത് ജീവജാലവും അവരുടെ കൃത്യമായ പരിസ്ഥിതിയിലും ആരോഗ്യത്തിലും ജീവിക്കുമ്പോൾ മാത്രമാണ് അവയുടെ ശരീരത്തിലെ നിരവധി സൂക്ഷ്മ ജീവികൾ പുറത്തേക്ക് വരാതിരിക്കുകയുള്ളു. നിപ പോലുള്ള രോഗങ്ങൾ വരാൻ പ്രധാന കാരണം വവ്വാലുകളുടെ ആവാസവ്യവസ്ഥകൾ തകരുകയും അവയുടെ ആന്തരിക അവയവങ്ങളുമായി ബന്ധപ്പെട്ട സൂക്ഷ്മജീവികൾ പുറത്തേക്കു വന്ന് പടർന്നതുമാണ്.പ്രകൃതി തന്റെ നിലനിൽപ്പിനു വേണ്ടി വലിയ ശ്രമങ്ങൾ നടത്തുമെന്നുറപ്പാണ്. എന്നാൽ അത്തരമൊരു നീക്കത്തിൽ മനുഷ്യരാശിക്ക് പിടിച്ചു നിൽക്കാൻ സാധിക്കുമോ എന്ന കാര്യം സംശയമാണെന്നും അദ്ദേഹം പറഞ്ഞു.പ്രകൃതിയിലെ കാര്യങ്ങൾ സ്വാംശീകരിക്കുകയും അവയോട് ഇണങ്ങുകയും ചെയ്യുന്നവർക്ക് പിടിച്ചുനിൽക്കാനാവുമെന്നും അല്ലാത്തവയെല്ലാം നശിപ്പിക്കപ്പെടുമെന്നുമുള്ള കന്നഡ സാമൂഹ്യ പരിഷ്ക്കർത്താവ് ബസവണ്ണയുടെ വാക്കുകളാണ് ഏറ്റവും അനുയോജ്യമാവുകയെന്നും അദ്ദേഹം വിശദീകരിച്ചു.

കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. ട്രഷറർ ദിലീപ് നാരായണൻ , ഹോണററി സെക്രട്ടറി ഡോ. അനിൽ ജോസഫ് പ്രസംഗിച്ചു.

## വയനാട് ഉരുൾപൊട്ടൽ: 10 ലക്ഷം രൂപ സംഭാവന നൽകി വണ്ടർല ഹോളിഡേയ്സ



**കൊച്ചി:** വയനാട് ഉരുൾപൊട്ടൽ ദുരിതാശ്വാസ നിധിയിലേക്ക് വണ്ടർല ഹോളിഡേയ്സ് 10 ലക്ഷം രൂപ സംഭാവന നൽകി. ഉരുൾപൊട്ടൽ  മൂലം വ്യാപകമായ നാശനഷ്ടങ്ങളും ജീവനാശവും അനുഭവിക്കുന്ന വയനാടിന്റെ ദുരിതാശ്വാസപുനരധിവാസ പ്രവർത്തനങ്ങൾക്ക് ഈ സംഭാവന വിനിയോഗിക്കും. വണ്ടർല കൊച്ചി പാർക്ക് മേധാവി രവികുമാർ എം. എ., വണ്ടർല കൊച്ചി പി ആർ ഒ അനിൽ പി. ജോയ് എന്നിവർ പത്തു ലക്ഷം രൂപയുടെ ചെക്ക് എറണാകുളം ജില്ലാ കളക്ടർ എൻ. എസ്. കെ ഉമേഷിന്റെ സാന്നിധ്യത്തിൽ മന്ത്രി പി. രാജീവിനു കൈമാറി.

ഏറെ വെല്ലുവിളികൾ നിറഞ്ഞ ഈ കാലത്ത് സമൂഹത്തിനൊപ്പം നിൽക്കാനും ദുരിതാശ്വാസ പ്രവർത്തങ്ങൾക്കും പുനർനിർമ്മാണ പ്രക്രിയയ്ക്കും കൈത്താങ്ങാകുവാനും വണ്ടർല ഹോളിഡേയ്സ് പ്രതിജ്ഞാബദ്ധയുടെ ഭാഗമാണിതെന്നും അധികൃതർ വ്യക്തമാക്കി.




# കേന്ദ്ര ബജറ്റ് : ഐസിഎഐ ദേശീയ സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ കേന്ദ്ര ബജറ്റ് 2024 അവലോകന ഏകദിന ദേശീയസെമിനാർ സംഘടിപ്പിച്ചു. പാലാരിവട്ടം റിനയ് കൊച്ചിനിൽ നടന്ന സെമിനാറിൽ സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജിംഗ് ഡയറക്ടറും സി ഇ ഒയുമായ പി ആർ ശേഷാദ്രി ഉദ്ഘാടനം ചെയ്തു. എറണാകുളം ബ്രാഞ്ച് ഐ സി എ ഐ ചെയർമാൻ സലീം എ അധ്യക്ഷത വഹിച്ചു.അടിസ്ഥാന ആവശ്യങ്ങളായ റൊട്ടി കപട ഓർ മഖാൻ എന്ന മുദ്രാവാക്യത്തിൽ നിന്നും ഇന്ത്യ ഏറെ മുന്നോട്ടു പോയതായി പി ആർ ശേഷാദ്രി പറഞ്ഞു. അടിസ്ഥാന സൗകര്യ വികസനത്തിൽ ഇന്ത്യ ഏറെ പുരോഗമിക്കുകയും യു എസിലെ വിമാനത്താവളങ്ങളുടെ നിലവാരത്തിലേക്ക് പോലും ഉയർന്നതായും അദ്ദേഹം പറഞ്ഞു.രാജ്യത്തെ പൗരന്മാർക്ക് നിരവധി സേവനങ്ങൾ നൽകാൻ സാധിക്കുന്ന തരത്തിൽ രാജ്യത്തിന്റെ സാമ്പത്തിക നില വളർന്നു. വർഷങ്ങൾക്ക് മുമ്പ് ഇന്ത്യയുടെ ജി ഡി പിയേക്കാൾ കൂടുതലായിരുന്നു ജനറൽ മോട്ടോഴ്സ് എന്ന കമ്പനിയുടെ വാർഷിക വിറ്റുവരവ് എന്നതിൽ നിന്നാണ് രാജ്യം ഈ അവസ്ഥയിലേക്ക് വളർന്നതെന്നും പി എ ശേഷാദ്രി വിശദീകരിച്ചു.

ടി ബാനുശേഖർ ചെന്നൈ, വിവേക് കൃഷ്ണ ഗോവിന്ദ് എറണാകുളം, അഡ്വ. ജി ശിവദാസ് ബെംഗളൂരു എന്നിവർ വ്യത്യസ്ത വിഷയങ്ങൾ കൈകാര്യം ചെയ്തു. ഐ സി എ ഐ സെക്രട്ടറി ജോബി ജോർജ് നന്ദി പറഞ്ഞു.

# നേട്ടം സ്വന്തമാക്കി ടാറ്റ പഞ്ച്




**കൊച്ചി:** ടാറ്റ മോട്ടോർസിന്റെ ടാറ്റ പഞ്ച് ഏറ്റവും വേഗത്തിൽ നാല് ലക്ഷം വിൽപ്പനയെന്ന സുവർണ നേട്ടം സ്വന്തമാക്കി. വെറും 34 മാസത്തിനുള്ളിലാണ് ടാറ്റ പഞ്ച് ഈ നേട്ടത്തിലേക്കെത്തിയിരിക്കുന്നത്. സബ് കോംപാക്ട് എസ്‌യുവി വിഭാഗത്തിൽ 2021 ഒക്ടോബറിലാണ് ഇന്ത്യയിൽ ടാറ്റ പഞ്ച് ലോഞ്ച് ചെയ്തത്. ലോഞ്ചിന് ശേഷം സുരക്ഷയ്ക്കുള്ള ജിഎൻക്യാപ് 5 സ്റ്റാർ റേറ്റിംഗും ടാറ്റ പഞ്ച് കരസ്ഥമാക്കി. ആഗസ്ത് 2022ൽ 10 മാസത്തിനുള്ളിൽ 1 ലക്ഷം വിൽപ്പനയെന്ന നേട്ടവും പഞ്ച് നേടി. അടുത്ത 9 മാസം കഴിഞ്ഞപ്പോഴേക്കും 2 ലക്ഷം വിൽപ്പനയെന്ന നേട്ടവും പഞ്ച് കരസ്ഥമാക്കി. പിന്നീടുള്ള 7 മാസത്തിൽ 3 ലക്ഷമെന്ന നേട്ടത്തിലേക്കും ടാറ്റ പഞ്ചെത്തി. കൂടാതെ 2023ൽ നൂതന ടിൻ സിലിണ്ടർ ടെക്നോളജിയോടെ പുറത്തിറക്കിയ പഞ്ച് ഐ സിഎൻജിയും 2024 ജനുവരിയിൽ പുറത്തിറക്കിയ പഞ്ച് ഇവിയും വിപണിയിൽ ടാറ്റയുടെ വിൽപ്പന വീണ്ടും ഉയരുന്നതിന് കാരണമായി.

ഇന്ത്യൻ ഉപഭോക്താക്കളെ മനസ്സിലാക്കുന്നതിൽ ടാറ്റ മോട്ടോർസ് എന്നും മുന്നിലാണെന്ന് ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ചീഫ് കൊമേഴ്ഷ്യൽ ഓഫീസർ വിവേക് ശ്രീവാസ്തവ പറഞ്ഞു.കൂടതൽ മികച്ച ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്കായി നൽകുവാൻ ഇതിലൂടെ സാധിക്കുന്നു. പഞ്ച് അവതരിപ്പിച്ചതിലൂടെ പുതിയൊരു സബ് സെഗ്മെന്റ് അവതരിപ്പിക്കുക മാത്രമല്ല, എസ്‌യുവിയെ ജനാധിപത്യവത്ക്കരിക്കുകകൂടിയാണ് ഞങ്ങൾ ചെയ്തത്. ഉപഭോക്താക്കൾ പഞ്ചിനെ സ്വീകരിക്കുന്നുവെന്നതിൽ ഞങ്ങൾ ഏറെ സന്തുഷ്ടരാണെന്നും വിവേക് ശ്രീവാസ്തവ പറഞ്ഞു.

# കേരളത്തിൽ ഈസ് ഓഫ് മൂവിംഗുമായി ഒഎംഐ ഫൗണ്ടേഷൻ



തിരുവനന്തപുരം: സുസ്ഥിരവും ഉൾച്ചേർക്കുന്നതുമായ മൊബിലിറ്റി സംവിധാനത്തിലേക്കുള്ള രണ്ട് നഗരങ്ങളുടെ മുന്നേറ്റം കാണിക്കുന്ന സുപ്രധാന വിശകലനമായ 'ഈസ് ഓഫ് മൂവിംഗ് ഇൻഡക്സ് തിരുവനന്തപുരം ആൻഡ് കൊച്ചി സിറ്റി പ്രൊഫൈൽസ്' ഒഎംഐ ഫൗണ്ടേഷൻ അനാവരണം ചെയ്തു. സുസ്ഥിര, റിസിലിയന്റ് മൊബിലിറ്റി സംവിധാനത്തിലേക്കുള്ള തിരുവനന്തപുരത്തിന്റെയും കൊച്ചിയുടെയും മുന്നേറ്റങ്ങൾ കാണിക്കുന്ന സുപ്രധാന വിശകലനമായ ഈസ് ഓഫ് മൂവിംഗ് ഇൻ കേരള എന്ന റിപ്പോർട്ട് ക്ലോസ്ഡ് ഡോർ കോൺഫറൻസിലാണ് പുറത്തിറക്കിയത്.



# സ്വാമി ചിന്മയാനന്ദയുടെ സമാധിദിനം ആചരിച്ചു

**കൊച്ചി:** ചിന്മയ മിഷൻ സ്ഥാപകൻ സ്വാമി ചിന്മയാനന്ദയുടെ സമാധിദിനം ആചരിച്ചു. ചിന്മയ ആരാധനദിനം ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിലും സമാധി ദിനം ആചരിച്ചു. സർവകലാശാലയുടെ പിറവം ഓണക്കുറിലെ ലളിത പ്രതിഷ്ഠാനിൽ നടന്ന ചടങ്ങുകൾക്ക് മാനേജിങ് ട്രസ്റ്റി ഡോ. അപ്പാറാവു മുക്കാമല നേതൃത്വം നൽകി. ചടങ്ങുകളുടെ ഭാഗമായി പാദുകപൂജയും, പുരുഷസൂക്തം അഭിഷേകവും ചിന്മയ അഷ്ടോത്തര അർച്ചനയും നടന്നു.

ചിന്മയ മിഷനിലെ ബ്രഹ്മചാരിണി താരിണി ചൈതന്യ ചടങ്ങുകൾക്ക് നേതൃത്വം നൽകി. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല പ്രോവോസ്റ്റ് ഡോ. സുധീർബാബു യാർലഗഡ, ഡീൻ ഡോ. സുനിത ഗ്രാന്ധി, ചീഫ് ഓപ്പറേറ്റിങ് ഓഫീസർ അനന്തനാരായണ അയ്യർ തുടങ്ങിയവർ പങ്കെടുത്തു. സർവകലാശാലയുടെ എറണാകുളം വാരിയം റോഡിലെ പ്രജ്ഞാപ്രതിഷ്ഠാനിൽ നടന്ന ചടങ്ങുകൾക്ക് വൈസ് ചാൻസിലർ പ്രൊഫ. അജയ് കപൂർ നേതൃത്വം നൽകി.

അസിസ്റ്റന്റ് ഡീൻമാരായ പ്രൊഫ. മഞ്ജുള ആർ.അയ്യർ, ഡോ. ആഭാമോഹൻ തുടങ്ങിയവർ പങ്കെടുത്തു. സർവകലാശാലയിലെ വിദ്യാർഥികളും അധ്യാപകരും ജീവനക്കാരും ചടങ്ങുകളിൽ പങ്കെടുത്തു. സ്വാമി ചിന്മയാനന്ദയുടെ ജീവചരിത്രം സർവകലാശാലയിലെ മുഴുവൻ വിദ്യാർഥികൾക്കും ലഭ്യമാക്കും.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ബജാജ് ഫ്രീഡം 125 പുറത്തിറക്കി

**കൊച്ചി:** ലോകത്തിലെ ഏറ്റവും വിലപിടിപ്പുള്ള ഇരുചക്ര, മുച്ചക്ര വാഹന കമ്പനിയായ ബജാജ് ഓട്ടോ ലിമിറ്റഡ്, ലോകത്തിലെ ആദ്യത്തെ സിഎൻജി മോട്ടോർസൈക്കിളായ ഫ്രീഡം 125 കഴിഞ്ഞ ദിവസം കേരളത്തിൽ അവതരിപ്പിച്ചു. ലോഞ്ച് ചെയ്ത് ആദ്യ ആഴ്ചയ്ക്കുള്ളിൽ 30,000ത്തിലധികം ഇൻക്വിറികൾ ഉണ്ടായതോടെ, ബജാജ് ഓട്ടോ ലിമിറ്റഡ് വിശാലവും രാജ്യവ്യാപകവുമായ ലോഞ്ചിനായുള്ള പദ്ധതികൾ ത്വരിതപ്പെടുത്താൻ തീരുമാനിച്ചു. ഏറ്റവും പുതിയ ബജാജ് ഫ്രീഡം 125 ഇപ്പോൾ കേരളത്തിലുടനീളമുള്ള 83 സെയിൽസ് ടച്ച്പോയിന്റുകളിൽ ലഭ്യമാകും. മൂന്ന് വേരിയന്റുകളിൽ എബോണി ബ്ലാക്ക്, കരീബിയൻ ബ്ലൂ, സൈബർ വൈറ്റ്, റേസിംഗ് റെഡ്, പ്യൂറ്റർ ഗ്രേ എന്നീ അഞ്ച് നിറങ്ങളിൽ ലഭ്യമായ പുതിയ ബജാജ് ഫ്രീഡം 125ന്റെ കൊച്ചി എക്സ് ഷോറൂം വില 95 770/ മുതൽ ആരംഭിക്കുന്നു. ലോകോത്തര ഉൽപ്പാദന വൈദഗ്ധ്യവും വേഗത്തിൽ വിപണിയിൽ എത്തിക്കാനുള്ള കഴിവും കാരണം, കേരളത്തിലെ എല്ലാ ഉപഭോക്താക്കൾക്കും ഫ്രീഡം 125ന്റെ മികച്ച സമ്പാദ്യം പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് ബജാജ് ഓട്ടോ ലിമിറ്റഡ് പ്രതീക്ഷിക്കുന്നു.

സമാനമായ പെട്രോൾ മോട്ടോർസൈക്കിളുകളെ അപേക്ഷിച്ച് ബജാജ് ഫ്രീഡം 125 ഉപഭോക്താക്കൾക്ക് 50% വരെ കുറഞ്ഞ പ്രവർത്തനച്ചെലവ് വാഗ്ദാനം ചെയ്യുന്നു. 2 കിലോ 200 കിലോമീറ്ററിലധികം പരിധി നൽകുന്ന ട്രെല്ലിസ് ഫ്രെയിമിനുള്ളിൽ സംയോജിത ഇചഏ ടാങ്ക് അതിന്റെ വിപുലമായ സുരക്ഷാ സവിശേഷതകളിൽ ഉൾപ്പെടുന്നു. 2 ലിറ്റർ ശേഷിയുള്ള ഒരു ഓക്സിലറി പെട്രോൾ ടാങ്ക് മൊത്തം റേഞ്ച് 330 കിലോമീറ്ററായി നീട്ടുന്നു. ഇത് റേഞ്ചിനെക്കുറിച്ചുള്ള ഉത്കണ്ഠ ഇല്ലാതാക്കുന്നു. ബജാജ് ഫ്രീഡം 125ൽ വിഭാഗത്തിലെ ആദ്യത്തെ മോണോലിങ്ക്ഡ് തരം സസ്പെൻഷൻ, നീളമുള്ള ക്വിൽറ്റഡ് ക്വിൽറ്റഡ് ഘലളഉ ഹെഡ്‌ലാമ്പുകൾ, ഡിജിറ്റൽ സ്പീഡോമീറ്റർ, ബ്ലൂടൂത്ത് കണക്റ്റിവിറ്റി എന്നിവ ഉൾപ്പെടുന്നു. ടാങ്കും കിറ്റും സുരക്ഷിതമായി സൂക്ഷിക്കുകയും സുരക്ഷയ്ക്കായി കർശനമായി പരിശോധിക്കുകയും ചെയ്യുന്നു.



ഇന്ത്യയുടെ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഇചഏ ഇൻഫ്രാസ്ട്രക്ചർ പ്രയോജനപ്പെടുത്തി, ഫ്രീഡം 125ന്റെ പ്രയോജനങ്ങൾ രാജ്യത്തിന്റെ എല്ലാ കോണുകളിലും എത്തിക്കാൻ ബജാജ് ഓട്ടോ ലിമിറ്റഡ് ആഗ്രഹിക്കുന്നു.

‘ജൂലൈ 5ന് സമാരംഭിച്ചതിന് ശേഷം, ഉപഭോക്താക്കളിൽ നിന്ന് ഞങ്ങൾക്ക് മികച്ച പ്രതികരണം ലഭിച്ചുവെന്ന് ബജാജ് ഓട്ടോ ലിമിറ്റഡ് മോട്ടോർസൈക്കിൾസ് പ്രസിഡന്റ് .സാരംഗ് കാനഡെ പറഞ്ഞു. ബജാജ് ഫ്രീഡം 125 കഴിയുന്നത്ര ഇന്ത്യക്കാർക്ക് ലഭ്യമാക്കാൻ ചെയ്യാൻ പ്രതിജ്ഞാബദ്ധരാണ്. മഹാരാഷ്ട്രയ്ക്കും ഗുജറാത്തിനും ശേഷം, നമ്മുടെ രാജ്യത്തിന്റെ 77ാം സ്വാതന്ത്ര്യദിനം ആഘോഷിക്കാൻ, ഞങ്ങൾ കേരളത്തിൽ തുടങ്ങി 77 പട്ടണങ്ങളിലേക്ക് ലഭ്യത വീണ്ടും വിപുലപ്പെടുത്തുന്നു. ഫ്രീഡം 125 വർദ്ധിച്ചുവരുന്ന ഇന്ധനച്ചെലവ് പരിഹരിക്കുക മാത്രമല്ല, ഗതാഗതത്തിന്റെ പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുള്ള ഞങ്ങളുടെ പ്രതിബദ്ധതയെ പിന്തുണയ്ക്കുകയും ചെയ്യുന്നുവെന്ന് സാരംഗ് കാനഡെ പറഞ്ഞു.

# വാസ്കുലർ സൊസൈറ്റി ഓഫ് ഇന്ത്യ വാക്കത്തോൺ സംഘടിപ്പിച്ചു

**തിരുവനന്തപുരം:** ദേശീയ വാസ്കുലർ ദിനത്തോടനുബന്ധിച്ച്, വാസ്കുലർ സൊസൈറ്റി ഓഫ് ഇന്ത്യ (വിഎസ്ഐ) തിരുവനന്തപുരത്ത് വാക്കത്തോൺ സംഘടിപ്പിച്ചു. അവയവഛേദം തടയൽ, രക്തക്കുഴലുകളുടെ ആരോഗ്യ അവബോധം എന്നീ നിർണായക വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായിരുന്നു വാക്കത്തോൺ. കവടിയാർ ജംഗ്ഷനിൽ തടിച്ചുകൂടിയ നാനൂറിലധികം നിവാസികളുടെ ആവേശകരമായ പങ്കാളിത്തമാണ് വാക്കത്തോണിൽ കണ്ടത്. തിരുവനന്തപുരം ഉൾപ്പെടെ 30 നഗരങ്ങളിലായി 15,000ത്തിലധികം പേർ പങ്കെടുത്ത ദേശീയ വാക്കത്തോണിന്റെ ഭാഗമായിരുന്നു പരിപാടി.

വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ റിപ്പോർട്ടുകൾ അനുസരിച്ച്, ഓരോ വർഷവും ആഗോളതലത്തിൽ 1 ദശലക്ഷത്തിലധികം കൈകാലുകൾ ഛേദിക്കപ്പെടുന്നു. ഇതിൽ ഒരു പ്രധാന ഭാഗം നേരത്തെയുള്ള ഇടപെടലിലൂടെയും അപകട ഘടകങ്ങളുടെ ശരിയായ മാനേജ്മെന്റിലൂടെയും തടയാൻ കഴിയും. ഇന്ത്യയിൽ, 4050% ഛേദിക്കപ്പെടുന്നത് രക്തക്കുഴലുകളുടെ രോഗങ്ങൾ, പ്രത്യേകിച്ച് പ്രമേഹം മൂലമുണ്ടാകുന്ന സങ്കീർണതകൾ മൂലമാണ്. രക്തത്തിലെ ഉയർന്ന പഞ്ചസാര, ഹൈപ്പർടെൻഷൻ, ഉയർന്ന കൊളസ്ട്രോൾ തുടങ്ങിയ അപകടസാധ്യത ഘടകങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ബോധവൽക്കരണത്തിന്റെയും പ്രതിരോധ നടപടികളുടെയും നിർണായക ആവശ്യകതയെ ഇത് എടുത്തുകാണിക്കുന്നു.



‘പ്രമേഹ കേസുകളുടെ വർദ്ധനവിന് ഇന്ത്യ സാക്ഷ്യം വഹിക്കുന്നു, ഇത് രോഗത്തിന്റെ ആഗോള ഹോട്ട്സ്പോട്ടാക്കി മാറ്റുകയും അനാരോഗ്യകരമായ ജീവിതശൈലി തിരഞ്ഞെടുപ്പുകളും ഭക്ഷണ ഘടകങ്ങളും കാരണം അതിന്റെ ജനസംഖ്യയിൽ തടയാവുന്ന ഛേദിക്കപ്പെടാനുള്ള സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. നഗരത്തിലെ സമീപകാല വാക്കത്തോൺ, ശാരീരികക്ഷമതയ്ക്കായി വാദിക്കുകയും രക്തക്കുഴലുകളുടെ രോഗങ്ങളെക്കുറിച്ച് നിർണായകമായ അവബോധം വളർത്തുകയും ചെയ്യുന്ന കമ്മ്യൂണിറ്റി സ്പിരിറ്റിന്റെ തെളിവായിരുന്നു. വാസ്കുലർ സൊസൈറ്റി ഓഫ് ഇന്ത്യ, ഛേദിക്കപ്പെടാത്ത ലോകത്തിനായി സംഘടിപ്പിച്ച ഈ പരിപാടി, പ്രതിരോധ പരിചരണത്തിന്റെ പ്രാധാന്യവും ആരോഗ്യകരമായ ഭാവിയിലേക്കുള്ള പാതയും എടുത്തുകാട്ടി.‘ വാസ്കുലർ സൊസൈറ്റി ഓഫ് കേരളയുടെ പ്രസിഡന്റും വാസ്കുലർ സൊസൈറ്റി ഓഫ് ഇന്ത്യയുടെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റുമായ ഡോ.ആർ.സി.ശ്രീകുമാർ വാക്കത്തോൺ ഫ്ലാഗ് ഓഫ് ചെയ്തുകൊണ്ട് പറഞ്ഞു.

വേൾഡ് ഫെഡറേഷൻ ഓഫ് വാസ്കുലർ സൊസൈറ്റീസിന്റെ ഒരു പ്രമുഖ ഘടകമായ വാസ്കുലർ സൊസൈറ്റി ഓഫ് ഇന്ത്യ, മെഡിക്കൽ സ്പെഷ്യലിസ്റ്റുകൾ, സർജന്മാർ, ഇന്റർവെൻഷണലിസ്റ്റുകൾ, നഴ്സുമാർ, അനുബന്ധ ആരോഗ്യ വിദഗ്ധർ എന്നിവരുടെ വിപുലമായ ശൃംഖലയുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. രാജ്യത്തുടനീളമുള്ള 700ലധികം സജീവ അംഗങ്ങളുള്ള വാസ്കുലർ സൊസൈറ്റി ഓഫ് ഇന്ത്യ, ആഗോളതലത്തിൽ തന്നെ ഏറ്റവും വലുതും സ്വാധീനമുള്ളതുമായ ഘടകങ്ങളിലൊന്നായി നിലകൊള്ളുകയും തടയാവുന്ന ഛേദങ്ങൾ ലഘൂകരിക്കുന്നതിനും രക്തക്കുഴലുകളുടെ ആരോഗ്യമേഖലയിൽ രോഗികളുടെ പരിചരണം വർദ്ധിപ്പിക്കുന്നതിനും സ്ഥിരമായി പ്രവർത്തിക്കുന്നു.

# ഹോണ്ട കാർസ് ഹോണ്ട ഫ്രീഡം ഫെസ്റ്റ് പ്രഖ്യാപിച്ചു

**ന്യൂഡൽഹി:** പ്രീമിയം കാറുകളുടെ മുൻനിര നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് പ്രീമിയം ശ്രേണിയിലുള്ള കാറുകൾ വാങ്ങുമ്പോൾ ആകർഷകമായ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്ന പ്രൊമോഷണൽ കാമ്പെയ്നായ ‘ഹോണ്ട ഫ്രീഡം ഫെസ്റ്റ്‘ പ്രഖ്യാപിച്ചു.ഈ കാമ്പെയ്നിന്റെ ഭാഗമായി പുതിയ വാഹനങ്ങളുടെ ഡെലിവറി എടുക്കുന്ന ഉപഭോക്താക്കൾക്ക് 3 വർഷത്തെ സൗജന്യ മെയിന്റനൻസ് പാക്കേജും അതിന്റെ ഉൽപ്പന്ന ശ്രേണിയിൽ ക്യാഷ് ഡിസ്കൗണ്ടുകൾ, ലോയൽറ്റി, എക്സ്ചേഞ്ച്, കോർപ്പറേറ്റ് ഓഫർ എന്നിവയുടെ രൂപത്തിൽ മറ്റ് ആകർഷകമായ ആനുകൂല്യങ്ങളും ലഭിക്കും. കാറിന്റെ അറ്റകുറ്റപ്പണിയെക്കുറിച്ച് ആകുലപ്പെടാതെ ആസ്വാദ്യകരമായ ഉടമസ്ഥാവകാശം അനുഭവിക്കാൻ വാഹന ഉടമകളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് മൂന്നു വർഷത്തെ മെയിന്റനൻസ് പാക്കേജ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് മാർക്കറ്റിംഗ് ആന്റ് സെയിൽസ് വൈസ് പ്രസിഡന്റ് കുനാൽ ബെൽ പറഞ്ഞു.ഹോണ്ട അമേസ്, ഹോണ്ട സിറ്റി, ഹോണ്ട സിറ്റി ഇ:എച്ച്ഇവി, ഹോണ്ട എലിവേറ്റ് എന്നിവയിൽ ഈ പ്രൊമോഷണൽ സ്കീം ലഭ്യമാണ്.3 വർഷം അല്ലെങ്കിൽ 30,000 കിലോമീറ്റർ ദൈർഘ്യമുള്ള സൗജന്യ പരിപാലന പാക്കേജിൽ നിർദ്ദിഷ്ട ആനുകാലിക മെയിന്റനൻസ് ഉൾപ്പെടുന്നു. പൊതുവായ അറ്റകുറ്റപ്പണി, അപകട ജോലികൾ, സാധാരണ തേയ്മാന ഭാഗങ്ങൾ എന്നിവ ഈ പാക്കേജിന് കീഴിൽ ഉൾപ്പെടുന്നില്ല.ആനുകൂല്യങ്ങൾ തിരഞ്ഞെടുത്ത മോഡൽ വേരിയന്റുകളിൽ പരിമിത കാലയളവിലേക്ക് ലഭ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.

# ആന്റിബയോട്ടിക് പ്രതിരോധം: ടേബിൾ ടോപ് അവേർ ഐ ഇ സി തയ്യാറാക്കി എറണാകുളം ജില്ല

**കൊച്ചി:** മെഡിക്കൽ ഓഫീസർമാർക്ക് അവേയ്ർ (അണമഞല) ക്ലാസിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടുള്ള ആന്റിബയോട്ടിക്കുകൾ ഏതൊക്കെയാണ് എന്ന് തിരിച്ചറിയാനും രോഗികൾക്ക് ആന്റിബയോട്ടിക് കുറിച്ച് നൽകാനുമായി മെഡിക്കൽ ഓഫീസർ മാരുടെ ടേബിളിൽ വയ്ക്കാവുന്ന രീതിയിൽ ഉള്ള ടേബിൾ ടോപ് അവേർ ക്ലാസ്സിഫിക്കേഷൻ ഐ ഇ സി എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസ് തയ്യാറാക്കി. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ കെ സക്കീനയുടെ നേതൃത്വത്തിൽ ദേശീയ ആരോഗ്യ ദൗത്യം ജില്ല പ്രോഗ്രാം മാനേജർ ഡോ പി എസ് ശിവപ്രസാദ്, എ എം ആർ വർക്കിംഗ് കമ്മിറ്റി കൺവീനർ ഡോ അരവിന്ദ്, ജില്ല നോഡൽ ഓഫീസർ ഡോ അനു ഫിലിപ്പ് എന്നിവരുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു എരൂർ കുടുംബരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റ് എൻ.എസ് സുഭാഷാണ് ഇത് തയ്യാറാക്കിയത്.

ആന്റിമൈക്രോബിയൽ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ലോകരോഗ്യ സംഘടന ആന്റിബയോട്ടിക്കുകളുടെ നിയന്ത്രിതമായ ഉപയോഗത്തിന് വേണ്ടി ആന്റിബയോട്ടിക്കുകളെ അവയുടെ ‘ൃലശെമേിരല ുീലിശേമഹ‘ ന്റെ അടിസ്ഥാനത്തിൽ അരരലൈ, ണമരേവ, ഞലലൈ്വ (അണമഞല) എന്നിങ്ങനെ മൂന്നായി തരംതിരിച്ചിട്ടുണ്ട്. ഇത് പ്രകാരം ജില്ലയിലെ ജില്ലയിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും അവേയ്ർ ഓഡിറ്റ് നടത്തിവരുന്നു.

ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾ യാഥാർത്ഥ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടപ്പിലാക്കുന്നത്.

# എ.ഐ.എസ്. ഇ.എഫിന് പുതിയ ഭാരവാഹികൾ

**കൊച്ചി:** ഓൾ ഇന്ത്യ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറത്തിന്റെ (എ.ഐ.എസ്.ഇ.എഫ്) ചെയർമാനായി ഇമ്മാനുവൽ നമ്പുശ്ശേരിലിനെയും, വൈസ് ചെയർമാനായി നിഷേഷ് ഷാ യിനെയും തിരഞ്ഞെടുത്തു. 202425 സാമ്പത്തിക വർഷത്തെക്കാണ് ചുമതല.



**നിഷേഷ് ഷാ, ഇമ്മാനുവൽ നമ്പുശ്ശേരിൽ**

എകെ നാചറൽ ഇൻഗ്രിഡിയന്റ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ ചീഫ് മാർക്കറ്റിംഗ് ഓഫീസറാണ് ഇമ്മാനുവൽ നമ്പുശ്ശേരിൽ.

ഒലിയോറെസിൻസ്, സ്പൈസ് ഓയിൽസ് തുടങ്ങിവയുടെ നിർമ്മാണം കയറ്റുമതി, ആഗോള സാന്നിധ്യം, എന്നീ നിലയിൽ കമ്പനിയുടെ വളർച്ചയ്ക്ക് നിർണായക പങ്ക് വഹിച്ച വ്യക്തിയാണ് നമ്പുശ്ശേരിൽ.

1987ൽ സ്ഥാപിതമായ ഓൾ ഇന്ത്യ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറം (എ.ഐ.എസ്.ഇ.എഫ്) രാജ്യത്തെ സുഗന്ധവ്യഞ്ജന കയറ്റുമതി വ്യവസായത്തിന്റെ സുസ്ഥിരമായ വികസനത്തിന് പ്രവർത്തിക്കുന്ന സംഘടനയാണ്.

# വാഴ ഒഫീഷ്യൽ ടീസർ

ജയ ജയ ജയ ജയഹേ, ഗുരുവായൂർ അമ്പലനടയിൽ എന്നീ ചിത്രങ്ങളുടെ സംവിധായകനായ വിപിൻ ദാസിന്റെ തിരക്കഥയിൽ ആനന്ദ് മേനോൻ സംവിധാനം നിർവഹിക്കുന്ന വാഴ ബയോപിക് ഓഫ് എ ബില്ല്യൺ ബോയ്സ് എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ടീസർ റിലീസായി. നർമ്മത്തിന് പ്രാധാന്യം നൽകുന്ന ഈ ചിത്രത്തിൽ സോഷ്യൽ മീഡിയ താരങ്ങളായ സിജു സണ്ണി, സാഫ് ബോയ്, ജോമോൻ ജ്യോതിർ, ഹാഷിർ, അലൻ, വിനായക്, അജിൻ ജോയ്, അമിത് മോഹൻ, അനുരാജ്, അൻഷിദ് അനു, അശ്വിൻ വിജയൻ എന്നിവർ കേന്ദ്ര കഥാപാത്രങ്ങളായി എത്തുന്നു. ജഗദീഷ്, നോബി മാർക്കോസ്, കോട്ടയം നസീർ, അസീസ് നെടുമങ്ങാട്, അരുൺ സോൾ, രാജേശ്വരി, ശ്രുതി മണികണ്ഠൻ, മീനാക്ഷി ഉണ്ണികൃഷ്ണൻ, സിയാ വിൻസെന്റ്, സ്മിനു സിജോ, പ്രിയ ശ്രീജിത്ത്, എന്നിവരാണ് മറ്റ് താരങ്ങൾ. പ്രൊഡക്ഷൻസ്, ഇമാജിൻ സിനിമാസ്, ഐക്കൺ സ്റ്റുഡിയോസ്, സിഗ്നചർ സ്റ്റുഡിയോസ് എന്നീ ബാനറിൽ വിപിൻ ദാസ്, ഹാരിസ് ദേശം, പി ബി അനീഷ്, ആദർശ് നാരായൺ എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.

ഈ ചിത്രത്തിലെ അതിമനോഹരം എന്ന ഗാനം ശ്രദ്ധ നേടിയിരുന്നു. വാഴയിലെ മറ്റ് ഗാനങ്ങൾ ഉടൻ തന്നെ പുറത്തിറങ്ങും. പാർവതിഷ് പ്രദീപ്, നൊമാഡിക് വോയിസ്, ഇലക്ട്രോണിക് കിളി, റാക്സ് റേഡിയൻറ്, രജത് പ്രകാശ്, ജയ് സ്റ്റെല്ലാർ എന്നിവർ അടങ്ങുന്ന വാഴ മ്യൂസിക് ടീം മെമ്പേഴ്സിന്റെ ഗ്രൂപ്പ് ഹെഡ് അങ്കിത് മേനോനാണ്.നീരജ് മാധവിന്റെ ഗൗതമന്റെ രഥം എന്ന ചിത്രത്തിനു ശേഷം ആനന്ദ് മേനോൻ സംവിധാനം ചെയ്ത വാഴബയോപിക് ഓഫ് എ ബില്ല്യൺ ബോയ്സ് ആഗസ്റ്റ് പതിനഞ്ചിന് പ്രദർശനത്തിനെത്തുന്നു.

പുതുമുഖങ്ങൾക്ക് ഏറെ പ്രാധാന്യം നൽകുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അരവിന്ദ് പുതുശ്ശേരി നിർവ്വഹിക്കുന്നു. ചിത്രസംയോജനം കണ്ണൻ മോഹൻ, മ്യൂസിക് സൂപ്പർ വിഷൻ അങ്കിത് മേനോൻ, കലാസംവിധാനം ബാബു പിള്ള, ചീഫ് അസോസിയേറ്റ് ശ്രീലാൽ, മേക്കപ്പ് സുധി സുരേന്ദ്രൻ, വസ്ത്രാലങ്കാരം അശ്വതി ജയകുമാർ, പ്രൊഡക്ഷൻ കൺട്രോളർറിന്നി ദിവാകരൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് അനീഷ് നന്തിപുലം, അസോസിയേറ്റ് ഡയറക്ടർഅനൂപ് രാജ്, സവിൻ, സൗണ്ട് ഡിസൈൻ അരുൺ എസ് മണി, സൗണ്ട് മിക്സിംങ് വിഷ്ണു സുജതൻ, ആക്ഷൻ ഡയറക്ടർ കലൈ കിങ്സൺ, ഡിജിറ്റൽ പി ആർ ഒവിപിൻ കുമാർ, ഡിഐ ജോയ്നർ തോമസ്, സ്റ്റിൽസ്അമൽ ജെയിംസ്, ടൈറ്റിൽ ഡിസൈൻ സാർക്കാസനം, ഡിസൈൻയെല്ലോ ടൂത്ത്സ്,പി ആർ ഒഎ എസ് ദിനേശ്.







# സിക്കാഡ

ഗോൾ ഫെയിം രജിത്ത് സി ആർ, ഗായത്രി മയൂര, ജെയ്സ് ജോസ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ഒട്ടേറെ സൂപ്പർഹിറ്റ് ഗാനങ്ങൾ സമ്മാനിച്ച സംഗീത സംവിധായകൻ ശ്രീജിത്ത് ഇടവന ആദ്യമായി സംവിധാനം ചെയ്യുന്ന സിക്കാഡ എന്ന സിനിമയുടെ ഒഫീഷ്യൽ ട്രെയിലർ റിലീസായി.ആഗസ്റ്റ് ഒമ്പതിന് പ്രദർശനത്തിനെത്തുന്ന ഈസർവൈവൽ ത്രില്ലർ ചിത്രമായ സിക്കാഡ മലയാളം, തമിഴ്, കന്നഡ, തെലുങ്ക് ഭാഷകളിലാണ് നിർമിക്കുന്നത്.

ഒട്ടേറെ ചിത്രങ്ങളുടെ സംഗീതസംവിധാനം നിർവഹിച്ച ശ്രീജിത്ത്, സിക്കാഡയുടെ രചനയും സംഗീതസംവിധാനവും നിർവഹിക്കുന്നത് ശ്രീജിത്ത് ഇടവന തന്നെയാണ്. നാലുഭാഷകളിലും വ്യത്യസ്തഗാനങ്ങളുമായാണ് സിക്കാഡ എത്തുക എന്ന പ്രത്യേകതയുമുണ്ട്. തീർണ ഫിലിംസ് ആന്റ് എൻറർടൈൻമെന്റിന്റെ ബാനറിൽ വന്ദന മേനോൻ,ഗോപകുമാർ പി എന്നിവർചേർന്ന് നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം നവീൻ രാജ് നിർവഹിക്കുന്നു. എഡിറ്റിങ്ഷൈജിത്ത് കുമരൻ,ഗാനരചന, വിവേക് മുഴക്കുന്ന്. പ്രൊഡക്ഷൻ കൺട്രോളർ രാജേഷ് കെ മത്തായി, ഓഡിയോഗ്രാഫി,ആഡ് ലിൻ സൈമൺ ചിറ്റിലപ്പിള്ളി, സൗണ്ട് എഡിറ്റർസുജിത് സുരേന്ദ്രൻ, ശബ്ദമിശ്രണം, ഫസൽ എ ബക്കർ സ്റ്റുഡിയോ,എസ്.എ. സ്റ്റുഡിയോ, കലാസംവിധാനം,ഉണ്ണി എൽദോ, കോസ്റ്റ്യൂം,ജെസിയ ജോർജ്, നൃത്തസംവിധാനം,റ്റീഷ്യ ,മേക്കപ്പ്ജീവ. കോ പ്രൊഡ്യൂസർ, ശ്രീനാഥ് രാമചന്ദ്രൻ, കെവിൻ ഫെർണാണ്ടസ്, സൽമാൻ ഫാരിസ്, ഗൗരി ടിംബൽ,പ്രവീൺ രവീന്ദ്രൻ ലൈൻ പ്രൊഡ്യൂസർ,ദീപക് വേണുഗോപാൽ, അനീഷ് അട്ടപ്പാടി, പ്രജിത്ത് നമ്പ്യാർ, ഉണ്ണി എൽദോ,സ്റ്റിൽസ്, അലൻ മിഥുൻ,പോസ്റ്റർ ഡിസൈൻ,മഡ്ഹൗസ്. ബാംഗ്ലൂർ, കൊച്ചി, അട്ടപ്പാടി എന്നിവിടങ്ങളിലായിരുന്നു'സിക്കാഡ ' യുടെ ലോക്കേഷൻസ്.പി ആർ ഒ, എ.എസ്. ദിനേശ്.




# കുമ്മാട്ടിക്കളി

സൂപ്പർസ്റ്റാർ സുരേഷ്ഗോപിയുടെ മകൻ മാധവ് സുരേഷിനെ നായകനാക്കി ആർ കെ വിൻസെന്റ് സെൽവ സംവിധാനം ചെയ്യുന്ന കുമ്മാട്ടിക്കളി എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ വീഡിയോ ഗാനം റിലീസായി.

സന്തോഷ് വർമ്മ എഴുതിയ വരികൾക്ക് സുമേഷ് പരമേശ്വരൻ സംഗീതം പകർന്ന് യുവൻ ശങ്കർ രാജ ആലപിച്ച കടൽ പോലെ......എന്നാരംഭിക്കുന്ന ഗാനമാണ് റിലീസായത്.സൂപ്പർ ഗുഡ് ഫിലിംസിന്റെ ബാനറിൽ ആർ ബി ചൗധരി നിർമ്മിക്കുന്നഈ ചിത്രത്തിൽ ദേവിക സതീഷ്,യാമി എന്നിവർ നായികമാരാവുന്നു. മൈം ഗോപി, അസീസ് നെടുമങ്ങാട്, ദിനേശ് ആലപ്പി,സോഹൻലാൽ, സിനോജ് അങ്കമാലി, ധനഞ്ജയ് പ്രേംജിത്ത്, മിഥുൻ പ്രകാശ്, ആൽവിൻ ആന്റണി ജൂനിയർ, അനീഷ് ഗോപാൽ, റാഷിക് അജ്മൽ.ലെന,അനുപ്രഭ, അർച്ചിത അനീഷ് തുടങ്ങിയവരാണ് മറ്റു താരങ്ങൾ.

ചിമ്പു, വിജയ് തുടങ്ങിയ താരങ്ങളെ വെച്ച് സിനിമകൾ ഒരുക്കിയ ആർ കെ വിൻസെന്റ് സെൽവ സംവിധാനം ചെയ്യുന്ന മലയാള ചിത്രമാണ് കുമ്മാട്ടിക്കളി. സൂപ്പർ ഗുഡ് ഫിലിംസിന്റെ 98 മത്തെ ചിത്രമാണ് കുമ്മാട്ടിക്കളി.കടപ്പുറവും അവിടത്തെ ജീവിതങ്ങളെയും പശ്ചാത്തലത്തിൽ ഒരുങ്ങുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം വെങ്കിടേഷ് വി നിർവ്വഹിക്കുന്നു.

പ്രോജക്ട് ഡിസൈനർ സജിത്ത് കൃഷ്ണ.സജു എസ് എഴുതിയ വരികൾക്ക് ജാക്സൺ വിജയൻ സംഗീതം പകരുന്നു.സംഭാഷണം ആർ കെ വിൻസെന്റ് സെൽവ,രമേശ് അമ്മനത്ത്. എഡിറ്റർആന്റണി,സംഘട്ടനംഫീനിക്സ് പ്രഭു,പ്രൊഡക്ഷൻ കൺട്രോളർഅമൃത മോഹൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ മഹേഷ് മനോഹർ,മേക്കപ്പ് പ്രദീപ് രംഗൻ,ആർട്ട് ഡയറക്ടർ മഹേഷ് നമ്പി,കോസ്റ്റ്യൂംസ്അരുൺ മനോഹർ,സ്റ്റിൽസ് ബാവിഷ്, പോസ്റ്റർ ഡിസൈൻചിറമേൽ മീഡിയ വർക്ക്സ്. ആലപ്പുഴ,കൊല്ലം നീണ്ടകര എന്നിവിടങ്ങളിലായിചിത്രീകരിച്ച 'കുമ്മാട്ടിക്കളി' ഉടൻ പ്രദർശനത്തിനെത്തുന്നു.പി ആർ ഒഎ എസ് ദിനേശ്.




# ആൻജിയോപ്ലാസ്റ്റി അന്താരാഷ്ട്ര സമ്മേളനം സമാപിച്ചു

**കൊച്ചി :** സങ്കീർണ്ണ ഹൃദ്രോഗങ്ങൾക്കുള്ള ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയകൾ ചർച്ച ചെയ്ത അന്താരാഷ്ട്ര ചിപ്പ് സമ്മേളനം ഹോട്ടൽ ക്രൗൺ പ്ലാസയിൽ സമാപിച്ചു.

അന്താരാഷ്ട്ര വിദഗ്ധരായ ഡോ. ശ്രീപാൽ, (യു.എസ്.എ.), ഡോ. രമേഷ് ദഗ്ഗുബതി (യു.എസ്.എ), ഡോ. തകാഷി അഷികാഗ (ജപ്പാൻ), ഡോ. യുയിച്ചി കോബോറി (ജപ്പാൻ), ഡോ. അരുൺ കുമാർ (യുഎഇ), ഡോ. രാമാനന്ദൻ കെ ആർ (സിംഗപ്പൂർ) എന്നിവർ പ്രത്യേക സെഷനുകൾക്ക് നേതൃത്വം നൽകി.

നൂതന മരുന്നുകളും സാങ്കേതിക വിദ്യകളും സാർവ്വത്രികമാകണമെന്ന് അന്താരാഷ്ട്ര വിദഗ്ദർ അഭിപ്രായപ്പെട്ടു. നൂതന ചികിത്സാ സാങ്കേതിക വിദ്യകൾ, നേരത്തെയുള്ള ചികിത്സയുടെ നേട്ടങ്ങൾ എന്നിവയുടെ പ്രധാന്യവും അവർ ചൂണ്ടിക്കാട്ടി.ഓർഗനൈസിങ് ചെയർമാൻ അനിൽ കുമാർ ആർ, ഓർഗനൈസിങ് സെക്രട്ടറി ഡോ.അനിൽ ബാലചന്ദ്രൻ, ഡോ.രാജ ശേഖർ വർമ്മ, ഡോ.ദീപക് ഡേവിഡ്സൺ, ഡോ.സന്ദീപ് ആർ, ഡോ.സുനിൽ റോയ്, ഡോ.ജിമ്മി ജോർജ്, ഡോ. പ്രവീൺ ശ്രീകുമാർ, ഡോ.രാജീവ് സി എന്നിവർ സമ്മേളനത്തിൻെറ വിവിധ സെഷനുകൾക്ക് നേതൃത്വം കൊടുത്തു. ഏറ്റവും പുതിയ സാങ്കേതിക വിദ്യകളിൽ കാർഡിയോളജിസ്റ്റുകൾ നൈപുണ്യം ആർജ്ജിക്കേണ്ടതിന്റെ ആവശ്യം എടുത്തു പറഞ്ഞു.

കൊറോണറി ധമനികളിലെ തടസ്സം നീക്കം ചെയ്യുന്ന സാർവ്വത്രിക ചികിതസയായി ആൻജിയോപ്ലാസ്റ്റി മാറി കഴിഞ്ഞു. എന്നാൽ സങ്കീർണ്ണമായ ഉയർന്ന അപകടസാധ്യതയുള്ള നടപടിക്രമങ്ങളാണ് ചിപ്പ് സമ്മേളനം ചർച്ച ചെയ്യുന്നതെന്ന് ആസ്റ്റർ മെഡ്സിറ്റിയിലെ സീനിയർ ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റും ഓർഗനൈസിംഗ് ചെയർമാനുമായ ഡോ. അനിൽ കുമാർ ആർ പറഞ്ഞു.വിവിധ അപകടസാധ്യതകൾ, ഇംപാക്ട് അനാലിസിസ്, വിവിധ ഇന്റർവെൻഷൻ തന്ത്രങ്ങൾ എന്നിവയും സമ്മേളനം ചർച്ച ചെയ്തു.സാധാരണ ആൻജിയോപ്ലാസ്റ്റി കേസുകൾ പോലും അപ്രതീക്ഷിതമായി ഉയർന്ന അപകടസാധ്യതയുള്ള സാഹചര്യങ്ങളായി പരിണമിച്ചേക്കാമെന്ന് ഡോ. അനിൽ ബാലചന്ദ്രൻ ചൂണ്ടിക്കാട്ടി. 'അഞ്ചിൽ ഒരാൾക്ക് ഹൃദ്രോഗ സങ്കീർണതകൾ ഉണ്ടാകാം അതിനാൽ, എല്ലാ ഹൃദ്രോഗവിദഗ്ധരും അത്തരം സങ്കീർണതകൾ നരിടാൻ പരിജ്ഞാനം നേടേണ്ടത് സുപ്രധാനമാണ്,' ഡോ. അനിൽ ബാലചന്ദ്രൻ പറഞ്ഞു.

ന്യൂയോർക്കിൽ നിന്നും ഡോ. സമിൻ ശർമ്മ, ബംഗ്ലാദേശിൽ നിന്നും ഡോ.ഫസീല ടി .എൻ . മാലിക്ക് എന്നിവർ നയിച്ച സങ്കീർണ്ണ ആൻജിയോപ്ലാസ്റ്റിയുടെ തത്സമയ സംപ്രേക്ഷണം, ചിപ്പ് ആൻജിയോപ്ലാസ്റ്റിയെക്കുറിച്ചുള്ള സമഗ്രമായ അധ്യാപനം എന്നിവ ശ്രദ്ധേയമായി.

കീറിമുറിക്കലുകൾ ഇല്ലാത്ത താക്കോൽ ദ്വാരം വഴി നടത്തുന്ന അതിനൂതന കത്തീറ്റർ, കീഹോൾ സാങ്കേതികവിദ്യകൾ ചർച്ച ചെയ്യുന്ന നിരവധി സെഷനുകളും നടന്നു. നടപടിക്രമങ്ങളിലെ സങ്കീർണതകളും സമ്മേളനം ചർച്ച ചെയ്തു.ഹൃദയ പേശികളിലെ രക്ത കുഴലുകൾ പൂർണ്ണമായും അടഞ്ഞുണ്ടാകുന്ന ബ്ലോക്കുകൾ, രക്തകുഴലുകൾ ശാഖയായി പിരിയുന്നിടത്തെ ബ്ലോക്കുകൾ എന്നിവ നീക്കം ചെയ്യുന്നതും, കഠിനമായ കാൽസിഫൈഡ് ബ്ലോക്കുകൾ പൊടിച്ച് കളയുന്ന സാങ്കേതിക വിദ്യകളും, ലേസർ ആൻജിയോപ്ലാസ്റ്റിയും, രക്തകുഴലുകളുടെ തടസ്സമുള്ള ഭാഗങ്ങളുടെ ആന്തരിക ചിത്രീകരണവും സംബന്ധിച്ച് പ്രത്യേക ശാസ്ത്ര സെഷനുകളും സമ്മേളനത്തിലുണ്ടായിരുന്നു.ഇന്ത്യയിലും വിദേശത്തുമുള്ള പ്രമുഖ ഹൃദ്രോഗ വിദഗ്ധർ, പ്രഭാഷകർ, ശാസ്ത്രജ്ഞർ, ഗവേഷകർ എന്നിവരുൾപ്പെടെ മുന്നൂറ്റമ്പധിലധികം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

# സിയാലിൽ വ്യോമയാന സുരക്ഷാ വാരാചരണം

**കൊച്ചി :** ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റിയുടെയും സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന്റെയും നേതൃത്വത്തിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ, ആഗസ്റ്റ് 5 മുതൽ 11 വരെ വ്യോമയാന സുരക്ഷാ വാരാചരണം സംഘടിപ്പിക്കുന്നു.

സുരക്ഷയെക്കുറിച്ചുള്ള യാത്രക്കാരുടെ അവബോധം വർദ്ധിപ്പിക്കുക, പൊതുജനങ്ങൾക്കിടയിൽ ജാഗ്രതയും ഉത്തരവാദിത്ത ബോധവും വളർത്തിയെടുക്കുക എന്നിവയാണ് ഒരാഴ്ച നീണ്ടുനിൽക്കുന്ന ഈ വാരാചരണത്തിലൂടെ ലക്ഷ്യമിടുന്നത്. വ്യോമയാന സുരക്ഷ മികച്ച രീതിയിൽ പരിപാലിക്കാനും അത് വഴി സുരക്ഷിത യാത്ര ഉറപ്പാക്കാനും കൂട്ടായ ശ്രമങ്ങൾ നിർണായകമാണ്.സുരക്ഷ ഒരു കൂട്ടുത്തരവാദിത്തമാണെന്ന തത്വത്തിന് അടിവരയിടുകയാണ് സുരക്ഷാ വാരാചരണത്തിലൂടെ. ക്വിസുകൾ, ഡോഗ് സ്ക്വാഡ് പ്രകടനങ്ങൾ, സാംസ്കാരിക സായാഹ്നങ്ങൾ, വാക്കത്തോണുകൾ, വിജ്ഞാനപ്രദമായ വീഡിയോ സ്ക്രീനിങ്ങുകൾ എന്നിവയുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്കും യാത്രക്കാർക്കും വിമാന യാത്രാ സുരക്ഷയുടെ പ്രാധാന്യം ഊട്ടിയുറപ്പിക്കുന്നതിനായി വിമാനത്താവളത്തിനകത്തും പുറത്തും സംഘടിപ്പിക്കും. കാണുക, അറിയിക്കുക, സുരക്ഷിതമാക്കുക' എന്ന മുദ്രാവാക്യത്തിന് ഊന്നൽ നൽകി, യാത്രക്കാരെ അവരുടെ ചുറ്റുപാടുകൾ നിരീക്ഷിക്കാനും സംശയാസ്പദമായ എന്തെങ്കിലും പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അധികൃതരെ ഉടനടി അറിയിക്കാനും പ്രോത്സാഹനം നൽകുന്നു എന്നതാണ് ഈ വാരാചരണത്തിന്റെ പ്രത്യേകത. ആഗസ്റ്റ് 5, തിങ്കളാഴ്ച രാവിലെ 6 മണിക്ക് സംഘടിപ്പിക്കുന്ന കൂട്ടനടത്തതോടെ വ്യോമയാന സുരക്ഷാ വാരാചരണത്തിന് തുടക്കമാകും. എല്ലാ യാത്രക്കാർക്കും സുരക്ഷിതമായ അന്തരീക്ഷം ഉറപ്പാക്കാൻ സിയാൽ എന്നും പ്രതിജ്ഞാബദ്ധമാണ്.

# ഡിഎൻഎ സാമ്പിളെടുക്കുന്നതിന് മാനസികാരോഗ്യ പ്രോട്ടോകോൾ

**തിരുവനന്തപുരം:** ഡിഎൻഎ സാമ്പിളെടുക്കുന്നതിന് മാനസികാരോഗ്യ പിന്തുണയ്ക്കുള്ള പ്രോട്ടോകോൾ ആരോഗ്യ വകുപ്പ് തയ്യാറാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. തിരിച്ചറിയാൻ കഴിയാത്ത മൃതദേഹങ്ങളുടെയും ശരീര ഭാഗങ്ങൾ മാത്രം ലഭിച്ചവയുടെയും സാമ്പിളുകൾ ഡിഎൻഎ പരിശോധനയ്ക്കായി എടുത്തിട്ടുണ്ട്. കാണാതായ തങ്ങളുടെ പ്രിയപ്പെട്ടവരെ തേടി ആരെങ്കിലും എത്തുമ്പോൾ അവരുടെ സാമ്പിളുകൾ കൂടി എടുത്ത് ഡിഎൻഎ പരിശോധന നടത്തിയാൽ മരിച്ചത് ആരാണ് എന്നുള്ളത് തിരിച്ചറിയാൻ കഴിയും. അതിനുവേണ്ടി ജീവിച്ചിരിക്കുന്നവരുടെ പ്രത്യേകിച്ച് ദുരന്തത്തിന് ഇരയായവരുടെ സാമ്പിളുകൾ ഡിഎൻഎ പരിശോധനയ്ക്ക് എടുക്കുമ്പോൾ മാനസികമായി അവരെ സജ്ജമാക്കുന്നതിനാണ് മാനദണ്ഡങ്ങൾ തയ്യാറാക്കിയതെന്നും മന്ത്രി വ്യക്തമാക്കി.

ദുരന്തത്തിന്റെ തീവ്രതയും പ്രിയപ്പെട്ടവരെ സംബന്ധിച്ച ആശങ്കയും വലിയ രീതിയിൽ അനുഭവിക്കുന്നവരെ മാനസികമായി അതിന് സജ്ജമാക്കുകയും അവരുടെ ഹൃദയവിചാരങ്ങൾക്കൊപ്പം നിന്നുകൊണ്ട് എന്താണ് പരിശോധന എന്നുള്ളതും എന്താണതിന്റെ പ്രാധാന്യം എന്നുള്ളതും വളരെ സൗമ്യമായി പറഞ്ഞു മനസ്സിലാക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ മാനദണ്ഡങ്ങളിലൂടെ ലക്ഷ്യമിടുന്നത്. 100 ശതമാനവും വിശ്വസനീയമായ ഒരു പ്രക്രിയയാണ് ഡിഎൻഎ പരിശോധന. മക്കൾ, പേരക്കുട്ടികൾ, മാതാപിതാക്കൾ, മുത്തച്ഛൻ മുത്തശ്ശി, അച്ഛന്റെ സഹോദരങ്ങൾ, അമ്മയുടെ സഹോദരങ്ങൾ ഫസ്റ്റ് കസിൻ തുടങ്ങിയ അടുത്ത രക്ത ബന്ധുക്കളുടെ സാമ്പിളുകൾ മാത്രമേ ഡി.എൻ.എ. പരിശോധനയ്ക്ക് എടുക്കുകയുള്ളൂ.

അടിയന്തര ദുരന്തഘട്ടത്തിലെ കൗൺസിലിങ്ങിന്റെ അടിസ്ഥാന തത്വങ്ങളായ നിരീക്ഷിക്കുക, കേൾക്കുക, സഹായം ലഭ്യമാക്കുക എന്നിവ ഉറപ്പാക്കിയാണ് പ്രോട്ടോകോൾ തയ്യാറാക്കിയിരിക്കുന്നത്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com